**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1398** **14-03-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് കാരണമുള്ള തൊഴിൽ നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് കാരണം തൊഴിൽ നഷ്ടപ്പെട്ടവരുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | എ) സംസ്ഥാനത്ത് കോവിഡ് കാരണം തൊഴിൽ നഷ്ടപ്പെട്ടവരുടെ കണക്കുകൾ തൊഴിൽ വകുപ്പ് ശേഖരിച്ചിട്ടില്ല. |
| (ബി) | കോവിഡിന്റെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ടും ജീവനോപാധികൾക്കായി എടുത്ത വായ്പ തിരിച്ചടക്കാൻ നിവൃത്തിയില്ലാതെയും നിരവധി പേർ ആത്മഹത്യ ചെയ്ത സാഹചര്യം ഉണ്ടയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ ക്രിയാത്മകമായ ഇടപെടൽ നടത്തുവാൻ തയ്യാറാകുമോ; വിശദമാക്കാമോ; | (ബി) | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; എല്ലാ വിഭാഗത്തിലുമുള്ള തൊഴിലാളികൾക്കും സാധ്യമായ പരമാവധി സഹായം സർക്കാർ ലഭ്യമാക്കി വരുന്നുണ്ട്. കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ വകുപ്പിന്റെ പരിധിയിലുള്ള ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള എല്ലാ തൊഴിലാളികൾക്കും ഒന്നാം ഘട്ട ധനസഹായമായി 357,38,97,840/- രൂപയും രണ്ടാം ഘട്ട ധനസഹായമായി 210,32,98,000/- രൂപയും അനുവദിച്ചു നൽകിയിരുന്നു. കൊവിഡ്-19 രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31/12/2021-വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സർക്കാർ, കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. കൊവിഡ്-19 രണ്ടാം ഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ വ്യക്തികളുടേയും ചെറിയ സംരംഭങ്ങളുടേയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരംതാഴ്ത്താതെ തന്നെ വായ്പ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0- Resolution of Covid-19 related stress of Individual and Small Business പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ്വ് ബാങ്ക് നൽകിയിട്ടുള്ളതാണ്. പ്രസ്തുത ആനുകൂല്യങ്ങൾക്കായി ബന്ധപ്പെട്ട ബാങ്കുകളെ സമീപിക്കാവുന്നതും ബാങ്കുകൾ റിസർവ്വ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അർഹത പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതുമാണ്. മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സർക്കാർ, റിസർവ്വ് ബാങ്ക് ഗവർണറോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. |
| (സി) | വിവിധ തൊഴിൽ മേഖലയിലെ തൊഴിലാളികൾ കോവിഡിന്റെ പശ്ചാത്തലത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | സി)തൊഴിൽ വകുപ്പിന് കീഴിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (KILE) മുഖേന Impact of Covid -19 Pandemic on Workers in the Unorganised- Traditional Sectors of Kerala എന്ന വിഷയത്തിൽ ഒരു ഗവേഷണ പഠനം നടത്തി വരുന്നു. |
| (ഡി) | കോവിഡ് കാരണം ജോലി നഷ്ടപ്പെട്ടവർക്കായി പ്രത്യേക പുനരധിവാസ പാക്കേജ് നടപ്പിലാക്കുമോ? | (ഡി) | ഡി) നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ